2014–ലെ സി.വി.കുഞ്ഞുരാമൻ സാഹിത്യപുരസ്കാരം നേടിയ
ശ്രീ. ടി. പത്മനാഭന് സമർപ്പിക്കുന്ന

# പ്രശസ്തിപത്രം

മറ്റൊരാൾ ചെയ്തിട്ടുള്ളതും മറ്റൊരാൾക്ക് ചെയ്യാൻ കഴിയുന്നതും ഒഴിവാക്കി തന്റേതുമാത്രമായ ഒരു രചനാലോകം സൃഷ്ടിച്ച എഴുത്തുകാരനാണ് ടി. പത്മനാഭൻ. അഗാധവും സങ്കീർണവുമായ ജീവിതസത്യത്തോട് സൂക്ഷ്മമായി പ്രതികരിക്കാനാവുക ഉദാത്തമായ കവിഹൃദയങ്ങൾക്ക് മാത്രം. അത്തരം ഒരു കവിഹൃദയത്തിന്റെ ഉടമയാണ് കഥാകാരനായ ടി.പത്മനാഭൻ. കഥയും കവിതയും ജീവിതവും തന്മയീഭവിക്കുന്ന ഉജ്ജ്വലമുഹൂർത്തങ്ങൾ കൊണ്ട് ധന്യമാണ് പത്മനാഭന്റെ വാങ്മയങ്ങൾ.

യൗവനാരംഭത്തിൽ ആദ്യകഥ പ്രസിദ്ധപ്പെടുത്തിക്കൊണ്ട് സാഹിത്യപ്രവേശം നടത്തിയ എഴുത്തുകാരൻ ജീവിതസായാഹ്നത്തിൽ നിന്നുകൊണ്ട് തിരിഞ്ഞുനോക്കുമ്പോൾ അനുഭവപ്പെടുന്ന സംതൃപ്തിക്ക് കാരണം കൃതികളുടെ സമൃദ്ധിയല്ല ഉള്ള കഥകളുടെ കതിർക്കനമാണ്. എഴുതിക്കൂട്ടുക എന്നത് ഒരിക്കലും ഈ കഥാകാരന്റെ ദൗർബല്യമല്ല. കഥയാണ് സ്വക്ഷേത്രമെന്ന് കാലേ തിരിച്ചറിയുകയും ആറേഴുപതിറ്റാണ്ടുകൾക്കുള്ളിൽ നൂറ്റിയറുപതിൽപരം കഥകൾമാത്രം രചിക്കുകയും ചെയ്ത പത്മനാഭൻ വലിയ കഥാകാരനാവുന്നത് അതിലൊന്നുപോലും പതിരായിത്തീരാത്തതുകൊണ്ടാണ്. ഈ എഴുത്തുകാരൻ ഭാഷയുടെ അതിരുകൾക്കുമപ്പുറം കഥാസാഹിത്യത്തിലെ അപൂർവ പ്രതിഭയായി നിലകൊള്ളുന്നു.

കേരളകൗമുദി സ്ഥാപകൻ, പത്രാധിപശ്രേഷ്ഠൻ, നവോത്ഥാന നായകൻ, ശൈലീവല്ലഭനായ എഴുത്തുകാരൻ തുടങ്ങിയ നിലകളിൽ അനശ്വരനായ സി.വി.കുഞ്ഞുരാമന്റെ നാമധേയത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സാഹിത്യപുരസ്കാരം ടി. പത്മനാഭന് ഞങ്ങൾ അഭിമാനപുരസരം സമർപ്പിക്കുന്നു.

**ഒ.എൻ.വി. കുറുപ്പ്**
അദ്ധ്യക്ഷൻ

**ഹാഷിം രാജൻ**
കാര്യദർശി

സി.വി. കുഞ്ഞുരാമൻ ഫൗണ്ടേഷൻ
തിരുവനന്തപുരം
7-05-2014